കണ്ണൂർ ജില്ലയിൽ മലമ്പനി വ്യാപിക്കുന്നത് തടയാൻ നടപടി

139 [915] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ മലമ്പനി വ്യാപകമാകുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ജില്ലയിൽ എത്ര മലമ്പനി കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) മലമ്പനിമൂലം മരിച്ചവർ എത്രയാണ് ;

(ഡി) മലമ്പനി നിവാരണത്തിന് കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഇ) പ്രതിരോധ പ്രവർത്തനങ്ങൾക്ക് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-ൽ 278 കേസുകൾ.

(സി) 2 പേർ.

(ഡി) കണ്ണൂർ ജില്ലയിൽ പ്രധാനമായും മലമ്പനി ഉണ്ടായിരിക്കുന്നത് പാനൂർ, ചെമ്പിലോട്, പിണറായി തുടങ്ങിയ പഞ്ചായത്തുകളിലാണ്. ഈ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ബ്ലോക്ക് സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ വരുന്ന എല്ലാ ആരോഗ്യ പ്രവർത്തകർക്കും പ്രത്യേകം പരിശീലനം നൽകുകയും അന്യ സംസ്ഥാനങ്ങളിൽ പോകുന്നവർക്ക് പ്രതിരോധ മരുന്നായ ക്ലോറോകിൻ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്പ്രേയിംഗ്, ഫോഗിംഗ് മുതലായ കൊതുക് നശീകരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തിവരുന്നു.

(ഇ) പഞ്ചായത്തുതലത്തിലും വാർഡുതലത്തിലും പ്രത്യേക ദ്രുതകർമ്മ സേന രൂപീകരിച്ചും ആവശ്യമായ ബോധവൽക്കരണ പരിപാടികളും തുടർന്നുവരുന്നുണ്ട്. അതോടൊപ്പം തന്നെ കൊതുക് നിവാരണത്തിനാവശ്യമായ നടപടികളും തുടർന്നുവരുന്നു. സാധ്യമായ എല്ലാ പ്രതിരോധ നടപടികളും കൈക്കൊള്ളുന്നുണ്ട്.

മെഡിക്കൽ കോളേജുകളിലെ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് നടപടി

140 [916] ശ്രീ. പി. ടി. തോമസ് :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, വർക്കല കഹാർ :

,, ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എം. ബി. ബി. എസ്. സീറ്റ് വർദ്ധിപ്പിക്കാനുദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly